സാങ്കേതിക വിദ്യാഭ്യാസ ഡയറക്ട്റേറ്റ്,തിരുവനനതപുരം

**dtekerala@gmail.com**

**04712561307**

**നടപടിക്രമം**

വിദ്യാഭ്യാസം-സാങ്കേതികം–സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് കാര്യാലയം,തിരുവനന്തപുരം- സർക്കാർ വനിതാ പോളിടെക്നിക് കോളേജ്, നെടുപുഴ, തൃശൂർ സ്ഥാപനത്തിൽ നിന്നും ശ്രീരാമാ പോളിടെക്നിക് കോളേജ്, തൃപ്രയാർ സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറിപ്പോയ ശ്രീ.ജയചന്ദ്രൻ.റ്റി(പെൻ.196615) ട്രേഡ് ഇൻസ്ട്രക്ടർ(ഇലക്ട്രോണിക്സ്)-അച്ചടക്ക നടപടികളുടെ ഭാഗമായി സേവനത്തിൽ നിന്നും വേല വിലക്ക് ഏർപ്പെടുത്തി -ഉത്തരവ് -പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (ബി 2)വിഭാഗം

**DTETVM/3073/2025-EB2(EB)** തീയതി.**03-04-2025**

---

വായന:-

1. വനിതാ പോളിടെക്നിക് കോളേജ്, നെടുപുഴ, തൃശൂർ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ആറാം സെമസ്റ്റർ വിദ്യാർഥികൾ സ്ഥാപന മേധാവിക്ക് എഴുതി നൽകിയ പരാതി.
2. 27/03/2025 തീയതിയിൽ സർക്കാർ വനിതാ പോളിടെക്നിക് കോളേജ്, നെടുപുഴ, തൃശൂർ പ്രിൻസിപ്പാളിന്റെ A3/1/2025 നമ്പർ കത്ത്.
3. 24/03/2025 തീയതിയിലെ വനിതാ പോളിടെക്നിക് കോളേജ് നെടുപുഴയിലെ ഇൻടെർണൽ കംപ്ലെയിൻസ് കമ്മിറ്റി റിപ്പോർട്ട്.

**ഉത്തരവ്**

ഈ വകുപ്പിന് കീഴിലെ ഇലക്ട്രോണിക്സ് വിഭാഗം ട്രേഡ് ഇൻസ്ട്രക്ടർ തസ്തികയിൽ സർക്കാർ വനിതാ പോളിടെക്നിക് കോളേജ്,നെടുപുഴ,തൃശൂർ സ്ഥാപനത്തിൽ നിന്നും ശ്രീരാമാ പോളിടെക്നിക് കോളേജ്,തൃപ്രയാർ സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറിപ്പോയ ശ്രീ.ജയചന്ദ്രൻ റ്റി(പെൻ.196615) നെടുപുഴ സർക്കാർ പോളിടെക്നിക് സ്ഥാപനത്തിൽ സേവനത്തിലിരിക്കെ ആറാം സെമെസ്റ്റർ ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം വിദ്യാർഥിനികളോട് മോശമായ രീതിയിൽ പെരുമാറുകയും, വിദ്യാർഥിനികൾക്ക് ടിയാന്റെ പെരുമാറ്റത്തിൽ താങ്ങാവുന്നതിനപ്പുറം മാനസ്സികമായി ബുദ്ധിമുട്ടുണ്ടാകുന്ന അവസ്ഥ വന്ന സാഹചര്യത്തിൽ സൂചന(1)പ്രകാരം സ്ഥാപന മേധാവിയ്ക്ക് പരാതി നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാതി സ്ഥാപനത്തിലെ ഇൻടെർണൽ കംപ്ലെയിൻസ് കമ്മിറ്റി പരിധോധിക്കുകയും വിദ്യാർഥിനികൾ നൽകിയ പരാതി ഗൌരവമേറിയതാണെന്നും ടിയാൻ കുറ്റക്കാരനാണെന്നും ടിയാനെതിരെ നടപടി സ്വീകരിക്കണമെന്നും സൂചന (3) പ്രകാരം സ്ഥാപന മേധാവി ആവശ്യപ്പെട്ടിട്ടുമുണ്ട്.

ഈ സാഹചര്യത്തിൽ വകുപ്പ് തലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായും സ്ഥാപനത്തിലെ വിദ്യാർഥിനികൾ നല്കിയ പരാതി ഗൌരവമേറിയതിനാലും സർക്കാർ വനിതാ പോളിടെക്നിക് കോളേജ്,നെടുപുഴ,തൃശൂർ സ്ഥാപനത്തിൽ നിന്നും ശ്രീരാമാ പോളിടെക്നിക് കോളേജ്,തൃപ്രയാർ സ്ഥാപനത്തിലേയ്ക്ക് സ്ഥലം മാറിപ്പോയ ശ്രീ.ജയചന്ദ്രൻ റ്റി(പെൻ.196615)-1960 ലെ കേരള സിവിൽ സർവീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും)ചട്ടങ്ങൾ ഭാഗം IV ചട്ടം 10 പ്രകാരം ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും വേലവിലക്ക് ഏർപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഭാഗം 1,കേരള സർവ്വീസ് ചട്ടങ്ങൾ 55 പ്രകാരം ടി വേലവിലക്ക് കാലയളവിൽ അനുവദനീയമായ ഉപജീവന ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കും.

SHALIJ P R

DIRECTOR

Signed by
Shalij P R
Date: 03-04-2025 22:34:52

പകര്‍പ്പ്:-

1.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ (ഔദ്യോഗിക വെബ്സൈറ്റ് മുഖേന).

2.ബന്ധപ്പെട്ട ജീവനക്കാർ (ഔദ്യോഗിക വെബ്സൈറ്റ് മുഖേന).

3.ഡി റ്റി ഇ -ഐ റ്റി വിഭാഗം (പ്രസിദ്ധീകരണത്തിന്).

4.ഇ ഓഫീസ് കരുതൽ ഫയൽ.